# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി2/791/2016 ചാക്ക, തിരുവനന്തപുരം
തീയതി: 26.01.2016

## <u>വിജ്ഞാപനം</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2016 മൂന്നാം (സെമസ്റ്റർ) (റഗുലർ) പരീക്ഷയിൽ പങ്കെടുക്കുന്നതിന്- അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

*****************

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.കളിലെ എസ്.സി.വി.ടി ട്രേഡുകളിൽ 2014 ആഗസ്റ്റിൽ അഡ്മിഷൻ നേടിയ ദ്വിവത്സര കോഴ്സിലെ ട്രെയിനികളിൽ നിന്ന് മൂന്നാം സെമസ്റ്റർ, എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

100/- രൂപയാണ് അപേക്ഷാഫീസ്. അപേക്ഷാഫീസ് ''0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്'' എന്ന ശീർഷകത്തിൽ **<u>15-2-2016 നകം</u>** സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കേണ്ടതും അസ്സൽ ചെലാൻ, എസ്.എസ്.എൽ.സി.യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അപേക്ഷകളുടെ രണ്ട് പകർപ്പ്, റീ അഡ്മിഷൻ നേടിയ ട്രെയിനിയാണെങ്കിൽ റീ അഡ്മിഷൻ നേടിയ ഉത്തരവിന്റെ പകർപ്പ് സഹിതം **<u>15-2-2016 വൈകുന്നേരം 4</u>** മണിക്ക് മുമ്പായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം ലഭിക്കാത്തതും അപൂർണ്ണമായതും അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതും ചെലാന്റെ അസൽ ഇല്ലാത്തതുമായ അപേക്ഷകൾ നുരുപാധികം സ്ഥാപന മേധാവികൾ നിരസിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപനമേധാവി പരിശോധിച്ച് അർഹത ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്തണം.

പ്രാക്ടിക്കൽ പരീക്ഷക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടിവരുന്ന ട്രെയിനികൾ 100/- രൂപ ജാമ്യനിക്ഷേപമായി സ്ഥാപന മേധാവിയെ ഏൽപിക്കേണ്ടതും ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്തപക്ഷം ടി തുക മടക്കി നൽകുന്നതാണ്.

(ഒപ്പ്)
**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

//ഉത്തരവിൻ പ്രകാരം//

**സീനിയർ സൂപ്രണ്ട്**

പകർപ്പ്:-ബന്ധപ്പെട്ട എല്ലാ ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്കും/
ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും/ജെ.ഡി.റ്റി. കണ്ണൂർ /
എ.വി.റ്റി.എസ്. പ്രിൻസിപ്പാൾ/ചീഫ് മാനേജർ ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ്
എഫ്.എ.സി.റ്റി.ആലുവ/ഡി.ഡി.റ്റി/റ്റി.റ്റി.ഒ/സംഭരണ ഫയൽ (ജി2)

എസ്സ്/

*''ഭരണഭാഷ-മാതൃഭാഷ''*

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

**നമ്പർ.ജി2/791/16** **ചാക്ക, തിരുവനന്തപുരം-07**
**തീയതി:** 28.01.16

## നിർദ്ദേശങ്ങൾ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2016 മൂന്നാം (സെമസ്റ്റർ) (റഗുലർ)- ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ അറിയിക്കുന്നത്- സംബന്ധിച്ച്.

**********

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ മേൽ താഴെ പറയുന്ന നടപടിക്രമങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ശുപാർശ ചെയ്യുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടികൾ

1. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.
2. ടി ട്രെയിനി എസ്.സി.വി.ടി അഡ്മിഷൻ നേടിയിട്ടുള്ള ട്രേഡിൽ പഠിക്കുന്ന ട്രെയിനിയാണോയെന്ന് ഉറപ്പാക്കേണ്ടതാണ്.
3. അപേക്ഷകളിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ട്രെയിനികൾ പൂരിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
4. ട്രെയിനിയുടെ എസ്.എസ്.എൽ.സി യുടെ പതിപ്പ് നിശ്ചിത ഫീസ് ഒടുക്കിയ ചെലാന്റെ അസ്സൽ പതിപ്പ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
5. അപേക്ഷ സമർപ്പിക്കുന്ന സെമസ്റ്ററിൽ ട്രെയിനിക്ക് 80% ഹാജർ നേടിയുട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
6. മൂന്നാം സെമസ്റ്റർ പരീക്ഷക്ക് അപേക്ഷിക്കുന്ന ട്രെയിനികൾ രണ്ടാം സെമസ്റ്റർ (റെഗുലർ) പരീക്ഷയ്ക്ക് ലഭിച്ച ഹാൾടിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്.

ട്രെയനികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ അറിയിക്കുന്നതായിരിക്കും. ട്രെയിനികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം **15-2-2016 ന് വൈകുന്നേരം 5 മണിക്ക്** മുൻപായി രേഖപ്പെടുത്തേണ്ടതാണ്. 2016 ഫെബ്രുവരി മാസം സെമസ്റ്റർ പരീക്ഷകൾ നടത്തേണ്ടതിനാൽ ഓരോ ദിവസവും ട്രെയിനികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ അതാത് ദിവസം തന്നെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.

കൈമാറുന്ന ട്രെയിനികളുടെ വിവരം ഓരോ ട്രേഡ് പ്രകാരം താഴെ പറയുന്ന മാതൃകയിൽ പട്ടികയായി കൈമാറേണ്ടതാണ്.

**അനുബന്ധം-1**

ഐ.ടി.ഐ യുടെ പേര്                                  സെമസ്റ്റർ

| ക്രമ നം. | ട്രെയിനിയുടെ പേര് | ട്രേഡ് | ചെലാൻ നമ്പർ | തുക |
|---|---|---|---|---|
| | | | | |
| | | | | |

(ഓഫീസ് മുദ്ര)                                  പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്

## പരിശോധനാ സർട്ടിഫിക്കറ്റ്

"മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം സൂക്ഷ്മമായി പരിശോധിക്കുകയും എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ട്രെയിനികളെ മൂന്നാം സെമസ്റ്റർ റെഗുലർ പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് അനുമതി നൽകാമെന്ന് ശുപാർശ ചെയ്യുന്നു"

(ഓഫീസ് മുദ്ര)                                  പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്

ഔദ്യോഗിക മേൽവിലാസം

തീയതി:

സ്ഥലം

ടി വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ട്രെയിനിയ്ക്ക് ടി വിവരങ്ങങ്ങൾ ലഭിക്കാത്ത കാരണത്താൽ ഹാൾടിക്കറ്റ് അനുവദിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇപ്രകാരം കൈപ്പറ്റുന്ന അപേക്ഷകൾ ഭദ്രമായി സൂക്ഷിക്കേണ്ടതും അനുബന്ധം 1 പ്രകാരം ഐ.ടി.ഐ പ്രിൻസിപ്പപാൾമാരിൽ നിന്ന് കൈപ്പറ്റുന്ന ഫോർമാറ്റും ഓൺലൈനായി അപേക്ഷകൾ രേഖപ്പെടുത്തതിയതിന്റെ പ്രിന്റ് ഔട്ടും പ്രത്യേക ദൂതൻ മുഖാന്തിരം പരീക്ഷാവിഭാഗത്തിൽ **18-02-2016 ന് വൈകുന്നേരം 5.00 മണിക്ക്** മുൻപായി എത്തിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

**എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്**

പകർപ്പ്:- 1. ഡിറ്റിയുടെ സി.എ/ എ.ഡി.റ്റി/ സ്പെഷ്യൽ ഓഫീസർ (എസ്.റ്റി.ഐ), എസ്.ഡി.പി. (എസ്.പി.ഐ.യു), ജെ.ഡി.റ്റി. / ജെ.ഡി. (ആർ.ജെ.ഡി. കണ്ണൂർ)

2. ഡി.എസ്.എ, ഡി.ഡി.റ്റി, ഡി.ഡി.പി, എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും, റ്റി.റ്റി.ഒ, എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും, എസ്.എസ്.(ജി), കരുതൽഫയൽ (ജി)

3. വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/

*"ഭരണഭാഷ-മാതൃഭാഷ"*

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ.ജി2/791/16 ചാക്ക, തിരുവനന്തപുരം-07

തീയതി: 26.01.16

## നിർദ്ദേശങ്ങൾ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2016 മൂന്നാം (സെമസ്റ്റർ) (റഗുലർ)-ട്രെയിനികൾ അപേക്ഷകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

**********

എസ്.സി.വി.റ്റി. ട്രേഡുകളിൽ 2014 ആഗസ്റ്റിൽ അഡ്മിഷൻ നേടിയ ദ്വിവത്സര കോഴ്സുകളിൽ പഠിക്കുന്ന ട്രെയിനികളാണ് മൂന്നാം സെമസ്റ്റർ പരീക്ഷയിൽ അപേക്ഷ സമർപ്പിക്കേണ്ടത്. ട്രെയിനികൾ അപേക്ഷ സമർപ്പിക്കുന്ന സെമസ്റ്ററിൽ 80% ഹാജർ നേടിയവരായിരിക്കണം.

മൂന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾ രണ്ടാം സെമസ്റ്റർ പരീക്ഷക്ക് ലഭിച്ച ഹാൾടിക്കറ്റിന്റെ പകർപ്പു കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം ഹാൾടിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

"0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 100/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ സഹിതം പൂരിപ്പിച്ച അപേക്ഷകൾ **15-2-2016 വൈകുന്നേരം 4.00** മണിക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പപിയ്ക്കേണ്ടതാണ്. അപേക്ഷകളുടെ രണ്ട് പകർപ്പുകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കേണ്ടതാണ്. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തതുന്നതോ അല്ല. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100/- രൂപ ജാമ്യനിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിന് മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനു ശേഷം ബാദ്ധ്യതകൾ ഉണ്ടാക്കിയിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യ തുക തിരികെ നൽകുന്നതുമാണ്. ഒരു വിഷയത്തിനായാലും ആകെ വിഷയങ്ങൾക്കായാലും പരീക്ഷാഫീസിനത്തിൽ അടയ്ക്കേണ്ട തുകയിൽ മാറ്റമില്ല. പരീക്ഷാഫീസിനത്തിൽ അടയ്ക്കേണ്ട തുക 100/- രൂപയാണ്.

റീ അഡ്മിഷൻ നേടിയ ട്രെയിനികളുടെ അപേക്ഷ സമർപ്പിക്കുമ്പോൾ റീ അഡ്മിഷൻ നേടിയ ഉത്തരവിന്റെ പകർപ്പു കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

പരിശീലനം പൂർത്തതിയാക്കിയ സർക്കാർ ഐ.ടി.ഐയിലാണ് അപേക്ഷകൾ സമർപ്പിയ്ക്കേണ്ടത്. പരീക്ഷാകേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല. എല്ലാ വിവരങ്ങളും ഉൾപ്പെട്ട പൂരിപ്പിച്ച അപേക്ഷകൾ **15-2-2016 ന് വൈകുന്നേരം 4** മണിക്ക് മുൻപായി ബന്ധധപ്പെട്ട സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കണം. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്നതോ അപൂർണ്ണമായതോ, എസ്.എസ്.എൽ.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യാത്തതോ അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതോ, ചെലാന്റെ അസ്സൽ പകർപ്പ് ഇല്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പരീക്ഷയുടെ തീയതിയും സമയവും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ മുഖാന്തിരം ട്രെയിനികളെ അറിയിക്കുന്നതായിരിക്കും.

മേയ് 2015 എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ സമ്പ്രദായം) മുതൽ നെഗറ്റീവ് മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

ഏതെങ്കിലും വിഷയത്തിന്റെ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സന്റായി പരിഗണിച്ച് ഫലപ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കലാസ്സുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിജ്ഞാപനത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃക പ്രകാരമുള്ള എ4 സൈസിലുള്ള അപേക്ഷാഫാറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. നിശ്ചിത മാതൃകയിൽ സമർപ്പിയ്ക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ ട്രെയിനികൾക്കും ( ബന്ധപ്പെട്ട പ്രിൻസിപ്പാൾ മുഖാന്തിരം)

APPLICATION FOR THE STATE COUNCIL FOR VOCATIONAL TRAINING (SCVT)TRADE TEST HELD IN FEBRUARY 2016 FOR REGULAR CANDIDATES (FOR THIRD SEMESTER TRADES)

**(All enteries are in Block Letters only)**

1 Name of Govt./Pvt.ITI where the trainee has undergone training :

2 Trade :

3 Name of Applicant :

4 Full Address :

5 Name of Father / Guardian (In Block Letter) :

6 Date of Birth :

7 Category (To be indicated with Tick Mark) :

| Gen | SC | ST | OBC |
|---|---|---|---|
| | | | |

Affix Photograph attested by Principal

8 Male / Female (To be indicated with Tick Mark) : M F

10 Period of Taining (If re-admited mention period of re-admission and the order No. and date) Copy attached : From February/August ..................
To January/July ..........................

11 2 nd SEMESTER ROLL NO. :

## DECLARATION

I do here by declare that the information furnished above are true to the best of my knowledge and belief. Also I agree to attend the trade test at the Centre allotted by the Director of Training.

Date :

Name and Signature of the Applicant

## VERIFICATION REPORT OF THE PRINCIPAL

| | | | |
|---|---|---|---|
| (i) | Details of remittance of fees (In the case of pvt. ITI Chalan in original to be Attached with the application) | Chalan No & Date :<br>Name of Treasury :<br>Amount : | |
| (ii) | Admission No. with date, period of Training (if re-admission mentioned the details ) | : | |
| (iii) | Total number of trainees admitted in the Trade as per admission closing list | : | |
| (iv) | Serial number of the applicant in the Admission closing list | : | |

I hereby certify that, the details furnished by the candidate are correct as per office records. I declare that the candidate has acquired the required training from SCVT trade / unit and his admission has been closed and his chance for passing the test has not been completed.

The Character of the Trainee is ……………………..

Place: Signature of the Principal

Date:

(Office Seal)

NB :- The details in Column 1 to 15 of the trainee should be verified by the principal of Govt. /Pvt. ITI and then carefully fill the above column's (i) to (vi). Without the above details the application will be rejected without notice.

## Verification in the Directorate

1. Fee remitted :
2. Admission closing list :

**DEPUTY DIRECTOR OF TRAINING**